ഒരാൾ നബി -صلى الله عليه وسلم- യുടെ അരികിൽ തൻ്റെ ഇടതുകൈ കൊണ്ട്
ഭക്ഷിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: " നീ നിൻ്റെ വലതു
കൈ കൊണ്ട് ഭക്ഷിക്കുക." അയാൾ പറഞ്ഞു: "എനിക്ക്
സാധിക്കില്ല." നബി -صلى الله عليه وسلم- പറഞ്ഞു: "നിനക്ക്
സാധിക്കാതിരിക്കട്ടെ
സലമത്തുബ്നുൽ അക്വഅ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: ഒരാൾ നബി -صلى الله عليه وسلم- യുടെ അരികിൽ തൻ്റെ ഇടതുകൈ
കൊണ്ട് ഭക്ഷിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: " നീ നിൻ്റെ വലതു കൈ കൊണ്ട്
ഭക്ഷിക്കുക." അയാൾ പറഞ്ഞു: "എനിക്ക് സാധിക്കില്ല." നബി -صلى الله عليه وسلم- പറഞ്ഞു: "നിനക്ക്
സാധിക്കാതിരിക്കട്ടെ." അഹങ്കാരമല്ലാതെ മറ്റൊന്നുമായിരുന്നില്ല അവനെ തടഞ്ഞത്.
പിന്നീട് തൻ്റെ വായിലേക്ക് അവൻ വലതു കൈ ഉയർത്തിയിട്ടില്ല.
[صحيح] [رواه مسلم]
ഇടതു കൈ കൊണ്ട് ഭക്ഷിക്കുന്ന ഒരാളെ കണ്ടപ്പോൾ അവനോട് തൻ്റെ വലതു കൈ കൊണ്ട്
ഭക്ഷിക്കാൻ നബി -صلى الله عليه وسلم- കൽപ്പിച്ചു. എന്നാൽ ഈ മനുഷ്യൻ അഹങ്കാരത്തോടെ 'തനിക്കത്
സാധ്യമല്ലെന്ന്' കള്ളം പറഞ്ഞു. വലതു കൈ കൊണ്ട് ഭക്ഷിക്കാൻ ഇനി സാധിക്കാതെ വരട്ടെ എന്ന്
നബി -صلى الله عليه وسلم- അവനെതിരെ ഈ സന്ദർഭത്തിൽ പ്രാർത്ഥിച്ചു. അല്ലാഹു അവിടുത്തെ പ്രാർത്ഥന
സ്വീകരിക്കുകയും, അവൻ്റെ വലതു കയ്യിൻ്റെ സ്വാധീനം നഷ്ടമാവുകയും ചെയ്തു. പിന്നീട്
ഭക്ഷണം കഴിക്കാനോ വെള്ളം കുടിക്കാനോ വേണ്ടി അവൻ തൻ്റെ വലതു കൈ വായിലേക്ക്
ഉയർത്തിയിട്ടില്ല.
https://sunnah.global/hadeeth/ml/show/3372